## പതിമൂന്നാം കേരളനിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 4969

21.10.2011 ൽ മറുപടിക്ക്

### ഐ.ടി. മിഷനിലെ ഡി.ഡി.എഫ്.ഐ. സിസ്റ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഹൈബി ഈഡൻ : | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി) | |
| (എ) | ഐ. ടി. മിഷനിൽ ഡി.ഡി.എഫ്. ഐ. (ഡിജിറ്റൽ ഡോക്യുമെന്റ്സ് ഫയൽ ഫ്ളോ സിസ്റ്റം) നടപ്പിലാക്കിയിട്ട് എത്ര കാലമായി ; | (എ) | 2011 മെയ് മാസം മുതൽ ഡിജിറ്റൽ ഡോക്യുമെന്റ് ആന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്.) ഐ. ടി. മിഷനിൽ നടപ്പിലാക്കി. |
| (ബി) | ഇതിനുള്ള പഴയ സോഫ്ട് വെയറായ മെസേജ് എന്നു മുതലാണ് ഉപയോഗിച്ച് തുടങ്ങിയത് ; | (ബി) | പഴയ സോഫ്ട് വെയറായ മെസേജ് 2008 ജനുവരി മാസം മുതലാണ് ഐ. ടി. മിഷനിൽ ഉപയോഗിച്ചു തുടങ്ങിയത്. |
| (സി) | ഐ. ടി. മിഷനിലെ ഓരോ ജീവനക്കാർക്കും പാസ്‌വേഡ് നൽകിയിട്ടുണ്ടോ ; | സി) | ഐ. ടി. മിഷനിലെ ഓരോ ജീവനക്കാർക്കും യൂസർ നെയിം, പാസ്‌വേഡ് എന്നിവ നൽകിയിട്ടുണ്ട്. |
| (ഡി) | ഒരു ജീവനക്കാരൻ മറ്റൊരാളുടെ അക്കൗണ്ടിൽ കയറുന്നുണ്ടോ എന്നറിയാൻ എന്ത് സംവിധാനമാണ് നിലവിലുള്ളത് ; | (ഡി) | യൂസർ നെയിമും, പാസ്‌വേഡും ഉണ്ടെങ്കിൽ മാത്രമേ ഓരോരുത്തർക്കും അവരവരുടെ അക്കൗണ്ടിൽ പ്രവേശിക്കാൻ സാധിക്കുകയുള്ളു. ഇവ രണ്ടും സ്വകാര്യമായി സൂക്ഷിക്കണമെന്ന് എല്ലാ ജീവനക്കാരോടും നിർദ്ദേശിച്ചിട്ടുണ്ട്. |
| (ഇ) | ഒരു ജീവനക്കാരൻ മറ്റൊരാളിന്റെ അക്കൗണ്ടിൽ പ്രവേശിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഇ) | ഒരു ജീവനക്കാരൻ മറ്റൊരാളിന്റെ അക്കൗണ്ടിൽ പ്രവേശിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (എഫ്) | ഇത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല എങ്കിൽ ഓരോ ജീവനക്കാരനും ഓരോ ദിവസവും കമ്പ്യൂട്ടർ ഉപയോഗിച്ചു ചെയ്യുന്ന കാര്യങ്ങളുടെ ലോഗ് ലഭ്യമാക്കാമോ ; | (എഫ്) | ഓരോ ജീവനക്കാരനും കമ്പ്യൂട്ടർ ഉപയോഗിച്ചു ചെയ്യുന്ന കാര്യങ്ങളുടെ ലോഗ് സർവ്വറിൽ റിക്കാർഡ് ചെയ്യപ്പെടുന്നുണ്ട്. ഏതെങ്കിലും തരത്തിലുള്ള അന്വേഷണ ആവശ്യങ്ങൾക്ക് ഇവ സർവ്വറിൽ നിന്നും ലഭ്യമാക്കാൻ സാധിക്കും. |
| (ജി) | ഒരു ജീവനക്കാരൻ മറ്റൊരാളുടെ അക്കൗണ്ടിൽ പ്രവേശിക്കുന്നത് കുറ്റകരമാണോ; | (ജി) | അതെ. |
| (എച്ച്) | എങ്കിൽ ഇക്കാരണത്താൽ എത്ര ജീവനക്കാരെ ഏതെല്ലാം തീയതികളിൽ ശിക്ഷിച്ചിട്ടുണ്ട് എന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ? | (എച്ച്) | ആരെയും ശിക്ഷിച്ചിട്ടില്ല. |

**സെക്ഷൻ ആഫീസർ**